DESPATCHED On 02/06/2020

4/05/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1167(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.9782/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. മുരുകൻ ബി.,
പൊൻമുടി എസ്റ്റേറ്റ് ക്വാർട്ടേഴ്സ്,
പൊൻമുടി പി.ഒ., നെടുമങ്ങാട് താലൂക്ക്,
തിരുവനന്തപുരം – 695 551. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
വിതുര ഗ്രാമപഞ്ചായത്ത് കാര്യാലയം,
വിതുര പി.ഒ., തിരുവനന്തപുരം – 696 551.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/05/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19/07/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 06/08/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 08/08/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/09/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/09/2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മുരുകൻ ബി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ 16.3.2016 തീയതി ഒരു പരാതി പൊതുജനതാത്പര്യാർത്ഥം നൽകിയിരുന്നു എന്നും ആയതിന്റെ നിലവിലെ സ്ഥിതിഗതികൾ അറിയുന്നതിനായി വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിച്ചിരുന്നു എന്നും എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി തെറ്റായിരുന്നു എന്നും വിവരങ്ങൾ നൽകിയിട്ടുള്ളത് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണെന്നും അത് തെറ്റായ നടപടിക്രമമാണെന്നും ടിയാൻ ആവശ്യപ്പെട്ട രേഖയ്ക്കായി ഏതു രീതിയിൽ ഫീസ്

ഒടുക്കണമെന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയില്ല എന്നും 30 ദിവസ സമയപരിധി പാലിച്ചില്ല എന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും മേൽപ്പടി അധികാരിയും സമയബന്ധിതമായി അപ്പീൽ തീർപ്പാക്കിയില്ല എന്നും ഒന്നാം എതിർകക്ഷിയുടെ നടപടി അംഗീകരിക്കുകയാണുണ്ടായത് എന്നും അപ്പീൽ ഹിയറിംഗിനായി നിയമപരമായി ടിയാനെ നിർബന്ധിക്കാനുള്ള അധികാരം രണ്ടാം എതിർകക്ഷിക്ക് ഇല്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 16.3.2016 തീയതി ഹർജിക്കാരൻ സമർപ്പിച്ച പരാതി അന്വേഷിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവ വ്യക്തമാക്കണമെന്നും

ii. മേൽപ്പടി അന്വേഷണ ഉദ്യോഗസ്ഥന്റെ മേൽപ്പടി പരാതി സംബന്ധമായ എല്ലാ റിപ്പോർട്ടുകളുടെയും പകർപ്പ് നൽകണമെന്നും

iii. മേൽപ്പടി പരാതി നാളിതുവരെ അന്വേഷിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുന്ന സർക്കാർ ഉത്തരവിന്റെയോ പഞ്ചായത്ത് രാജ് ആക്ടിലെ പ്രസക്ത ഭാഗത്തിന്റെയോ പകർപ്പ് നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, തെറ്റായ നടപടിക്രമം പാലിച്ചാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയത് എന്നും സമയബന്ധിതമായി രേഖകൾക്ക് ഫീസ് ഒടുക്കേണ്ട വിവരം അറിയിച്ചില്ല എന്നും ടിയാൻ നൽകിയ പരാതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ നാളിതുവരെ ടിയാനെ അറിയിച്ചിട്ടില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ എല്ലാ ഇനങ്ങൾ സംബന്ധിച്ചും വിവരങ്ങൾ നൽകിയിരുന്നു എന്നും വിവരാവകാശ നിയമത്തിലെ 2(എൽ) പ്രകാരം എസ്.പി.ഐ.ഒ.യുടെ നിർവ്വചനത്തിൽ എ.പി.ഐ.ഒ.യും ഉൾപ്പെടുമെന്നും ആയതിനാൽ നിയമാനുസൃത ഫീസ് ഒടുക്കി രേഖകൾ കൈപ്പറ്റാവുന്നതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ വിവരങ്ങൾ നൽകേണ്ടിയിരുന്നത് എസ്.പി.ഐ.ഒ. തന്നെയാണെന്ന് കമ്മീഷൻ വ്യക്തമാക്കുന്നു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ അഭാവത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുള്ള വ്യക്തിക്ക് മാത്രമാണ് വിവരാവകാശ നിയമപ്രകാരം മറുപടി നൽകാവുന്നത്. ആയതിനാൽ വിവരാവകാശ നിയമപ്രകാരം ഫീസ് ഒടുക്കേണ്ടത് സംബന്ധിച്ച അറിയിപ്പ് നിയമാനുസൃത അധികാരി ഹർജിക്കാരന് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽപ്പടി രേഖകൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കണമെന്ന്

കമ്മീഷൻ ഉത്തരവാകുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4, 5 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള വിവരമല്ല എന്നു കാണുന്നു. ആയതിനാൽ നിയമാനുസൃത ഉത്തരവ്/ആക്ട്/സർക്കുലറിന്റെ വിവരങ്ങൾ ഏതെന്ന് വ്യാഖ്യാനിച്ച് നൽകേണ്ട ഉത്തരവാദിത്വം എസ്.പി.ഐ.ഒ.ക്ക് ഇല്ല. ആയതിനാൽ മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി വിവരാവകാശ നിയമപ്രകാരം യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല എന്നു കാണുന്നു.

5. രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരനെ ഹിയറിംഗിന് വിളിച്ചതിൽ വിവരാവകാശ നിയമപ്രകാരം അപാകത ഒന്നുമില്ല. എന്നാൽ അത്തരം ഹിയറിംഗിലേക്കായി ഹർജിക്കാരൻ നിർബന്ധമായും ഹാജരാകണമെന്ന് നിർദ്ദേശിക്കുവാൻ നിർവ്വാഹമില്ല. ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തമായും കൃത്യമായും മനസ്സിലാക്കി അപ്പീൽ തീർപ്പാക്കുന്നതിലേക്ക് വേണ്ടിയാണ് ഹിയറിംഗിനായി ഹർജിക്കാരനെ ഒന്നാം അപ്പീൽ അധികാരി വിളിക്കുന്നത്. പക്ഷേ അത്തരം ഹിയറിംഗിൽ പങ്കെടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള അധികാരം അപ്പീൽ ഹർജിക്കാരനുണ്ട്. അപ്പീൽ ഹർജിക്കാരൻ ഹാജരായാലും ഇല്ലെങ്കിലും അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ തീർപ്പാക്കാനുള്ള ഉത്തരവാദിത്വം ഒന്നാം അപ്പീൽ അധികാരിയ്ക്കുണ്ട്.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മെയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us